പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5164

28.10.2016 ൽ മറുപടിക്ക്

## കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസുകളുടെ പാർക്കിംഗ്

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കാസർകോട് കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് മുൻവശമുള്ള പൊതുമരാമത്ത് റോഡിൽ രാത്രികാലങ്ങളിൽ കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ പാർക്ക് ചെയ്യുന്നത് അപകടം വരുത്തിവെക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് മുൻവശമുള്ള പൊതുമരാമത്ത് റോഡിൽ രാത്രികാലങ്ങളിൽ കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ പാർക്കു ചെയ്യുന്നതുമൂലം ഇതുവരേയും അപകടം ഉണ്ടായിട്ടില്ല. |
| (ബി) | ബസ്സുകൾ റോഡിൽ പാർക്കു ചെയ്യുന്നതുകൊണ്ട് എതിർദിശയിൽ നിന്ന് വരുന്ന വാഹനങ്ങൾ കാണാത്തതിനാൽ വാഹനമോടിക്കുന്നവർക്കുള്ള പ്രയാസം ആരെങ്കിലും ഇതിനുമുമ്പ് അധികൃതരുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ; | (ബി) യും (സി) യും കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് മുൻവശത്ത് രാത്രികാലങ്ങളിൽ അന്യ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് അപകടങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നും ഇതു പരിശോധിച്ച് നടപടികൾ സ്വീകരിക്കണമെന്നും ബഹു. എം.എൽ.എ ശ്രീ. എൻ.എ നെല്ലിക്കുന്ന് 25.04.2015 ൽ കളക്ടേറ്റ് മിനി കോൺ ഫറൻസ് ഹാളിൽ നടന്ന കാസർഗോഡ് ജില്ലാ വികസന സമിതിയോഗത്തിൽ ഉന്നയിക്കുകയും മേൽ പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കി അദ്ദേഹത്തിന് മറുപടി നൽകിയിട്ടുള്ളതുമാണ്. |
| (സി) | കാസർകോഡ് ജില്ലാ വികസന സമിതിയിൽ ഈ പ്രശ്നം ആരെങ്കിലും ഉന്നയിച്ചിരുന്നോ; എങ്കിൽ ആര്, എപ്പോൾ ഉന്നയിച്ചുവെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വ്യക്തമാക്കുമോ; | |
| (ഡി) | വാഹനമോടിക്കുന്നവർക്കു പ്രയാസം സൃഷ്ടിക്കുന്ന അപകട സാധ്യത ഏറെയുള്ള കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകളുടെ പാർക്കിംഗ് നിർത്തലാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) രാത്രി 10 മണിമുതൽ രാവിലെ 5.45 മണിവരെയാണ് പ്രസ്തുത ബസുകൾ പാർക്ക് ചെയ്യുന്നത്. ഒരു അപകടവും ഇതുവരെ ഉണ്ടായിട്ടില്ല. കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് അകത്തെ സ്ഥലപരിമിതി മൂലമാണ് ഇത്തരത്തിൽ പാർക്ക് ചെയ്യേണ്ടിവരുന്നത്. |

സെക്ഷൻ ഓഫീസർ